LIBRARY ARCHIVES Kerala Legislative Assembly

ഗുരുവായൂരിൽ ഉപരിതല ജലം ഒഴുക്കിക്കളയുന്നതിന് പദ്ധതി

89 [1919] *ശ്രീ. പി. കെ. കെ. ബാവ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂരിൽ ഉപരിതല ജലം ഒഴുക്കിക്കളയുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്;

(സി) ഇല്ലെങ്കിൽ അതിനായി എന്തെങ്കിലും പദ്ധതികൾ ഗവൺമെന്റിന്റെ ആലോചനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) & (ബി) ഗുരുവായൂർ ഉപരിതല ജലനിർഗ്ഗമന പദ്ധതിക്കുവേണ്ടി 1986-ൽ ഭരണാനുമതി നൽകിയിരുന്നെങ്കിലും ബഡ്ജറ്റിൽ മതിയായ തുക വകയിരുത്താത്തതിനാൽ ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല.

(സി) ഗുരുവായൂരിന്റെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഗുരുവായൂർ ഉപരിതല ജലനിർഗ്ഗമന പദ്ധതിക്ക് 140 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ഇത് വിശദമായ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്.

നാഷണൽ ഹൈഡ്രോളജി പ്രോജക്ട്

90 [1920] *ശ്രീ. ഷിബു ബേബി ജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഹൈഡ്രോളജി പ്രോജക്ട് എന്നു മുതൽ ആരംഭിച്ചു; ഇതിന്റെ ഒന്നാംഘട്ടം പൂർത്തീകരിച്ചോ; എങ്കിൽ എന്ന്, എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ രണ്ടാംഘട്ടം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുന്നത് സംബന്ധിച്ച നടപടികൾ ഏതുഘട്ടത്തിലാണ്; ഇതിന് നിലവിലുള്ള സാങ്കേതിക തടസങ്ങൾ എന്തൊക്കെയാണ്; ഇത് എന്നത്തേക്ക് ആരംഭിക്കും;

(സി) ഒന്നും രണ്ടും ഘട്ടങ്ങൾക്കിടയിലുള്ള കാലദൈർഘ്യം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ ഇടവേളയിൽ പദ്ധതിക്കാവശ്യമുള്ള ഏതെങ്കിലും സാധന സാമഗ്രികൾ/മെഷിനറികൾ അടക്കം വാങ്ങിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം ഉപകരണങ്ങൾ/മെഷിനറികൾ എന്ന് വ്യക്തമാക്കുമോ;